**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6587** **11-07-2024 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുദിയം പാലം മലപ്പുറം ജില്ലയിലെ നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്നതാണ്. ഈ പാലം നിർമാണ പ്രവൃത്തിക്ക് 20/10/2023 ൽ 23.92 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഇതിൽ സ്ഥലം ഏറ്റെടുപ്പിനുള്ള തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഡിസൈൻ വിങ്ങിൽ നിന്നും ലഭ്യമായ ഡിസൈൻ പ്രകാരം പാലത്തിന്റെ സ്ഥാനം സൈറ്റിൽ നിർണയിച്ചതിൽ നിന്നും പാലം നിർമാണത്തിനും പരപ്പനങ്ങാടി ഭാഗത്തും കടലുണ്ടി ഭാഗത്തും അപ്രോച്ച് റോഡും സർവീസ് റോഡും നിർമ്മിക്കുന്നതിന് അധിക ഭൂമി ഏറ്റെടുക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തി. പ്രസ്തുത പദ്ധതിയിൽ ഭൂമി ഏറ്റെടുപ്പിനുള്ള തുക പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അധിക ഭൂമി മലപ്പുറം ജില്ലയിലെ തന്നെ തീരദേശ ഹൈവേയുടെ റീച്ച് 4-ൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട് അധിക സർവേ നമ്പറുകൾ ഉൾപ്പെടുത്തി പുതുക്കിയ റവന്യൂ ഭരണാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ച സാഹചര്യത്തിൽ പാലം നിർമ്മാണത്തിനായി ഇനി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വിശദാംശവും പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള പ്രവർത്തന കലണ്ടറും തയ്യാറാക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഈ പാലം Coastal Regulatory Zone ൽ വരുന്നതിനാൽ പാലം നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് തന്നെ CRZ ക്ലിയറൻസ് ലഭ്യമാക്കേണ്ടതുണ്ട്. CRZ അനുമതിക്കായി NCESS ന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ലഭിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ശേഖരിച്ചുവരുന്നു. പാരിസ്ഥിതിക ആഘാതപഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഡിസൈൻ വിങിന്റെ സേവനം ആവശ്യപ്പെട്ടിട്ടുണ്ട്, കൂടാതെ NABET അക്രെഡിറ്റേഷൻ ഉള്ള ഏജൻസികളിൽ നിന്നും Rapid EIA റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ പാലം |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനും, അപ്രോച്ച് റോഡുകളും സർവീസ് റോഡുകളും നിർമ്മിക്കുന്നതിനുമായി അധിക ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ